ആവശ്യമായ മദർ ബോർഡ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ ഭാഗങ്ങൾ ലഭ്യമാകുന്നതിന് ചില അവസരങ്ങളിൽ കാലതാമസം നേരിടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ സർട്ടിഫിക്കറ്റുകൾ ,പകർപ്പുകൾ എന്നിവ മാനുവൽ സിസ്റ്റം മുഖേന തയ്യാറാക്കി നൽകാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ആലുവ സബ് രജിസ്ട്രാഫീസിൽ കമ്പ്യൂട്ടർ തകരാർ ഇല്ല. എന്നാൽ, ഈ ഓഫീസിലെ ഡിജിറ്റൽ ഇമേജ് പ്രിന്ററിൽ ഉപയോഗിക്കുന്ന ക്യാമറ കഴിഞ്ഞ ഏഴുമാസമായി തകരാറിലാണ്. തകരാർ റിപ്പയർ ചെയ്യുന്നതിന് C-Dit അധികാരപ്പെടുത്തിയിട്ടുണ്ട്. ആധാരപ്പകർപ്പുകൾ നൽകുന്നതിന് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ എറണാകുളം ജില്ലാ രജിസ്ട്രാർ ഓഫീസിൽ കരുതലായി നൽകിയിട്ടുള്ള ക്യാമറ ഉപയോഗിച്ചുവരുന്നു.

ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ്

208(416) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ കേന്ദ്രീകരിച്ച് സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുകയാണ്.

നെടുമങ്ങാട് താലൂക്കിലെ പനവൂർ കേന്ദ്രമാക്കി പുതിയ സബ്രജിസ്ട്രാർ ഓഫീസ്

209(417) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ പനവൂർ കേന്ദ്രമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പുതിയ സബ് രജിസ്ട്രാർ ഓഫീസ് എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) പനവൂർ കേന്ദ്രമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly